10-ാം ക്ലാസിലും ഒരു വിദ്യാർത്ഥി 9-ാം ക്ലാസിലുമാണ് പഠിക്കുന്നത്. ദുരൂഹമായ സാഹചര്യത്തിൽ ഒരു മാസം മുമ്പ് അപ്രത്യക്ഷരായ വിദ്യാർത്ഥികളെക്കുറിച്ച് വീട്ടുകാർക്കോ പോലീസുകാർക്കോ നാളിതുവരെ യാതൊരു വിവരവും ലഭിച്ചിട്ടില്ല. കുട്ടികളുടെ വീടുകളിൽ കൂട്ട നിലവിളിയാണ്. സ്കൂളിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും നാട്ടുകാരും വളരെയേറെ ദുഃഖത്തിലാണ് കഴിയുന്നത്. കാണാതായ നാല് വിദ്യാർത്ഥികളെ എത്രയും വേഗം കണ്ടുപിടിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സംസ്ഥാനത്തിന് പുറത്ത് അന്വേഷണം വ്യാപിപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, തൃശൂർ കാട്ടൂർ ഗവൺമെന്റ് ഹൈസ്ക്കൂളിലെ 15 വയസ്സ് വീതം പ്രായമുള്ള ജിന്റോ, അജീഷ്, ദീപക്, വിപിൻ എന്നീ കുട്ടികളെ 26-2-2000-മുതൽ കാണാനില്ലെന്ന പരാതി ലഭിച്ചു. ഇതു സംബന്ധിച്ച് കാട്ടൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 36/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തു. കുട്ടികളുടെ അടയാള വിവരം എല്ലാ പോലീസ് സ്റ്റേഷനുകളിലും അറിയിക്കുകയും ടെലിവിഷൻ, പത്രം എന്നീ മാദ്ധ്യമങ്ങളിൽകൂടി പരസ്യം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബോംബെ, ബാംഗ്ലൂർ എന്നിവിടങ്ങളിലും അന്വേഷണം നടത്തിയിരുന്നു. കുട്ടികൾ കളിക്കുന്ന സമയം സ്ക്കൂളിന്റെ ജനാലച്ചില്ല് എങ്ങനെയോ പൊട്ടാനിടയായി. അതെപ്പറ്റി ചോദിക്കാനായി രക്ഷകർത്താക്കളെ കൊണ്ടുവരണമെന്ന് സ്ക്കൂൾ അധികൃതർ പറഞ്ഞിരുന്നു. അതിലുള്ള മനോവിഷമത്താൽ അവർ സ്ഥലം വിട്ടുപോയതാകാമെന്ന് കരുതുന്നു. അന്വേഷണം ത്വരിതപ്പെടുത്തി കുട്ടികളെ കണ്ടുപിടിക്കാൻ ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(4) മേപ്പാടി പഞ്ചായത്തിലെ മുസ്ലീംലീഗ് ജനറൽ സെക്രട്ടറി ആക്രമിക്കപ്പെട്ട സംഭവം

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, മേപ്പാടി പഞ്ചായത്തിൽപ്പെട്ട കുന്നമംഗലം വയൽ മുസ്ലീം ലീഗ് ജനറൽ സെക്രട്ടറിയായ മുഹമ്മദ് എന്ന ബാപ്പൂട്ടിയെ ഈ കഴിഞ്ഞ വ്യാഴാഴ്ച വൈകുന്നേരം ഒരു സംഘം സി.പി.ഐ (എം) പ്രവർത്തകർ വളഞ്ഞുവച്ച് അദ്ദേഹത്തിന്റെ രണ്ടു കാലുകളും അടിച്ച് ഒടിക്കുകയുണ്ടായി. അടികൊണ്ട് രണ്ടു കാലും ഒടിഞ്ഞ മുഹമ്മദ് എന്ന ബാപ്പൂട്ടി മുമ്പ് സി.പി.ഐ (എം) പ്രവർത്തകൻ ആയിരുന്നു. അദ്ദേഹം സി.പി.ഐ.(എം) -ൽ നിന്ന് രാജിവച്ച് മുസ്ലീം ലീഗിൽ ചേർന്നതിനുശേഷം നിരവധി സി.പി.ഐ (എം) പ്രവർത്തകർ രാജി വച്ച് മുസ്ലീം ലീഗിൽ ചേരുകയുണ്ടായി. ബാപ്പൂട്ടിയുടെ പ്രവർത്തനഫലമായിട്ടാണ് സി. പി. ഐ (എം) - ൽ നിന്ന് മുസ്ലീം ലീഗിലേക്കുള്ള പ്രവർത്തകർ ഒഴുകികൊണ്ടിരിക്കുന്നത്. ഇതിന്റെ പ്രതികാരമായിട്ടാണ് സി.പി.ഐ (എം) പ്രവർത്തകർ അദ്ദേഹത്തെ ആക്രമിച്ചത്. രണ്ട് കാലും അടിച്ച് ഒടിച്ചത് വലിയ നടയിൽ ഹംസ എന്ന ഉമ്മാച്ചു ഹംസ, സുനിൽ, നാസർ, മൂസ്സക്കോ, റോസ്റ്റിൻ റോബർട്ട് എന്നിവരുടെ നേതൃത്വത്തിലാണ്. ഇതുവരെയായി പ്രതികളെ ആരെയും പിടിച്ചിട്ടില്ല, എന്നുമാത്രമല്ല ഏറ്റവും വലിയ വിരോധാഭാസം അക്രമികളെ പിടിക്കുന്നതിനുപകരം കേസിലെ പ്രധാന പ്രതിയായ വലിയങ്ങാടൻ ഹംസയ്ക്കും

LIBRARY ARCHIVES Kerala Legislative Assembly

ഹംസയുടെ വീടിനും പോലീസ് സംരക്ഷണം ഏർപ്പെടുത്തിയിരിക്കുകയാണ്. *** കഴിഞ്ഞ ജനുവരി മാസം 31-ാം തീയതി ഇതുപോലെതന്നെ മുസ്ലീംലീഗ് പ്രവർത്തകരെ അക്രമിക്കപ്പെട്ട സംഭവമുണ്ടായി.

മി. സ്പീക്കർ : ഇതൊന്നും രേഖയിലുണ്ടാകില്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ : മുസ്ലീംലീഗിന്റെ മേപ്പാടി പഞ്ചായത്തിലുള്ള നേതാക്കന്മാരുടെ വീടുകളും തകർത്തു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെ ആക്രമിച്ചു. മൻസൂർ എന്ന മുസ്ലീംലീഗ് പ്രവർത്തകന്റെ വീട്ടിൽ കയറി ആക്രമിക്കുക മാത്രമല്ല അദ്ദേഹത്തിന്റെ സഹോദരിയുടെ അഞ്ച് പവന്റെ മാല തട്ടിക്കൊണ്ടുപോകുകയും ചെയ്തു.

മി. സ്പീക്കർ : ഇങ്ങനെപോയാൽ ഇത് നാളത്തേയ്ക്ക് മാറ്റിവയ്ക്കേണ്ടി വരും. രണ്ട് വാചകം പറഞ്ഞാൽ പോരേ ? മറ്റ് ഇഷ്യൂസ് ഒന്നും രേഖയിൽ ഉണ്ടാകുകയില്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : മുഹമ്മദ് എന്ന ബാപ്പൂട്ടിയെ അക്രമിച്ച കേസിലെ പ്രതികളെ ഉടനെ അറസ്റ്റ് ചെയ്ത് നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : രണ്ട് മൂന്ന് വിഷയത്തിന് ഇവിടെ മറുപടിയില്ല. ഒറ്റ വിഷയത്തിനേ മറുപടിയുള്ളു. അതാണ് സബ്മിഷൻ. വയനാട് മേപ്പാടി ചേംപ്രാപ്പിക്ക് എസ്റ്റേറ്റ് ഗേറ്റിനടുത്തുവച്ച് 23-2-2000 -ന് വൈകുന്നേരം മുഹമ്മദ് എന്ന ബാപ്പൂട്ടിയെ ചിലർ ചേർന്ന് അക്രമിച്ചു പരിക്കേൽപ്പിച്ചു. ഇത് സംബന്ധിച്ച് മേപ്പാടി പോലീസ് സ്റ്റേഷനിൽ ക്രൈം 56/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുക മാത്രമല്ല .....

മി. സ്പീക്കർ : ഇത് സംബന്ധിച്ച് കെ. പി. എ. മജീദും ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. ഇ. കെ. നായനാർ : പ്രതികളെ 28-3-2000-ന് രാവിലെ അറസ്റ്റ് ചെയ്തു കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണം ത്വരിതപ്പെടുത്താൻ വയനാട് എസ്. പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) ശ്രീ. കെ. സി. വേണുഗോപാൽ, എം. എൽ. എ. യെ പോലീസ് മർദ്ദിച്ചത് കേസ് റഫർ ചെയ്തത് സംബന്ധിച്ച്

ശ്രീ. ഉമ്മൻ ചാണ്ടി : 27-3-2000-ൽ ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ബി. വിജയകുമാർ എം.എൽ.എ.യുടെ ചോദ്യത്തിന് നൽകിയ മറുപടി എല്ലാ പേരേയും അത്ഭുതപ്പെടുത്തിയിരിക്കുകയാണ്. ഈ സഭയിലെ ഒരംഗമായ ശ്രീ. കെ. സി. വേണുഗോപാൽ, എം. എൽ. എ. യെ ക്രൂരമായി മർദ്ദിച്ച സംഭവത്തിൽ യാഥാർത്ഥ്യങ്ങൾ തകിടം മറിച്ചുകൊണ്ട് ഒരു നടപടിക്രമവും പൂർത്തിയാക്കാതെ mistake of fact -ആയിട്ട് കേസ് റഫർ ചെയ്തിരിക്കുന്നു എന്ന മറുപടി

*** ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly